ബി. എ. (പൊളിറ്റിക്സ്) എം.എ. (പൊളിറ്റിക്സ്) കോഴ്സുകൾ

545. [745] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വിദ്യാഭ്യാസ വർഷത്തിൽ ഏതെല്ലാം ഗവൺമെൻറ് കോളേജുകളിൽ ബി. എ. (പൊളിറ്റിക്സ്) എം. എ. (പൊളിറ്റിക്സ്) കോഴ്സുകൾ തുടങ്ങാൻ സർക്കാരിൽ അപേക്ഷകൾ കിട്ടിയിട്ടുണ്ട് ;

(ബി) ഇവയിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) താഴെ പറയുന്ന കോളേജുകളിൽ ബി.എ. (പൊളിറ്റിക്സ്) തുടങ്ങുവാൻ യൂണിവേഴ്സിറ്റികളിൽ നിന്നും ശുപാർശ ലഭിച്ചിട്ടുണ്ട്.

1. ഗവ. കോളേജ്, കോടഞ്ചേരി
2. പി.എം. ഗവൺമെൻറ് കോളേജ്, ചാലക്കുടി.

എം.എ. (പൊളിറ്റിക്സ്) തുടങ്ങുവാൻ യൂണിവേഴ്സിറ്റികളിൽ നിന്നും ശുപാർശ ലഭിച്ചിട്ടില്ല.

(ബി) തീരുമാനം ആയിട്ടില്ല.

കോളേജ് സ്റ്റാഫ്

546. [747] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, എം. കെ. കേശവൻ :
,, വി. കെ. രാജൻ :
ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ കോളേജുകളിലുംകൂടി എത്ര സ്റ്റാഫ് ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അതിൽ മാനേജ്മെൻറ് കോളേജുകളിലെ മൊത്തം സ്റ്റാഫ് എത്ര ;

(സി) ഇവർക്ക് ശമ്പളം ഇനത്തിൽ എത്ര രൂപ വർഷം തോറും ഖജനാവിൽനിന്നും നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗവൺമെൻറും മാനേജ്മെൻറും കോളേജുകളിലായി അദ്ധ്യാപകരും അനദ്ധ്യാപകരും ഉൾപ്പെടെ 21,671 ജീവനക്കാരുണ്ട്.

(ബി) മാനേജ്മെൻറ് കോളേജുകളിൽ മാത്രമായി 17,610 (അദ്ധ്യാപകരും അനദ്ധ്യാപകരും കൂടി) ജീവനക്കാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly